**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1587** **16-10-2026-ൽ മറുപടിയ്ക്ക്**

**കുത്തുപറമ്പ് മണ്ഡലത്തിൽ കായിക വകുപ്പിന്റെ പദ്ധതികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. പ്രവീൺ

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** കുത്തുപറമ്പ് നിയോജകമണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളും അവയുടെ നിലവിലുള്ള പുരോഗതിയും തദ്ദേശ സ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ വിശദമാക്കുമോ;

**മറുപടി:** കുത്തുപറമ്പ് നിയോജക മണ്ഡലത്തിൽ കായിക വകുപ്പ് മുഖേനെ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**(ബി)** പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണത്തിന് നിലവിൽ തടസ്സങ്ങൾ നേരിടുന്നുണ്ടോയെന്ന് വിശദമാക്കുമോ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

| നം | പദ്ധതിയുടെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) | തദ്ദേശ സ്വയംഭരണ സ്ഥാപനം | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | കുന്നോത്ത് പറമ്പ് ഇൻഡോർ സ്റ്റേഡിയം നിർമ്മാണം | 500 | കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്ത് | പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| 2 | ചെറുവാഞ്ചേരി സ്റ്റേഡിയത്തിന്റെ നിർമ്മാണം | 500 | ചെറുവാഞ്ചേരി ഗ്രാമപഞ്ചായത്ത് | നിലവിൽ 45% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കാൻ നിർദേശിച്ചിട്ടുണ്ട്. |
| 3 | കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തിലെ ചിറ്റാരിത്തോട് ഓപ്പൺ ജിം & പാർക്ക് നിർമ്മാണം | 50 | കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്ത് | 40% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. സൈറ്റിൽ മുറിച്ച് കൂട്ടിയിട്ടിരുന്ന മരങ്ങൾ പഞ്ചായത്ത് മുഖേന മാറ്റുന്നതിന് കാലതാമസം നേരിട്ടതിനാൽ പ്രവൃത്തി ആരംഭിക്കുവാൻ കാലതാമസം ഉണ്ടായി. സമയ ബന്ധിതമായി പദ്ധതി പൂർത്തീകരിക്കാൻ നിർദേശിച്ചിട്ടുണ്ട്<br>2027 ജനുവരി മാസം അവസാനത്തോടു കൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |
| 4 | പാട്ടിയം ഗ്രാമപഞ്ചായത്തിലെ സ്പോർട്സ് ലൈഫ് | 100 | പാട്ടിയം ഗ്രാമപഞ്ചായത്ത് | കൂത്ത് പറമ്പ് മണ്ഡലത്തിലെ പാട്ടിയം ഗ്രാമപഞ്ചായത്തിലെ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ നിർമ്മാണ പ്രവൃത്തിക്കായി 14.10.2025 തീയ്യതിയിലെ സർക്കാർ ഉത്തരവ് |

| | | | | |
|---|---|---|---|---|
| | ഫിറ്റ്നസ് സെന്റർ നിർമ്മാണം | | | പ്രകാരം 100.00 ലക്ഷം രൂപയുടെ ഭരണാനുമതിയും 84.45 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകി പ്രവൃത്തിക്ക് ദർഘാസ് ക്ഷണിക്കുകയും M/s.പ്രവാഹ് ഇൻഫ്രാടെക് എൽ.എൽ.പി. എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. നിലവിൽ ടി സ്ഥലം കുന്നിൻ പ്രദേശമായതിനാൽ പ്രവൃത്തി ആരംഭിക്കുന്നതിന് മുന്നോടിയായി പഞ്ചായത്ത് മുഖേനെ ടി സ്ഥലത്തെ മണ്ണ് മാറ്റേണ്ടതായിട്ടുണ്ട്. പഞ്ചായത്ത് മണ്ണ് മാറ്റിയ ശേഷം പ്രവൃത്തി ആരംഭിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

